**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1187** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>രാമു കാര്യാട്ട് സ്മാരക സിനിമ തിയേറ്റർ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** 2022-2023 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ അനുവദിച്ച രാമു കാര്യാട്ട് സ്മാരക സിനിമ തിയേറ്റർ സ്ഥാപിക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും സാംസ്കാരിക വകുപ്പിന് ഭൂമി കൈമാറുന്നതിന്റെ നടപടികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കെ.എസ്.എഫ്.ഡി.സി. - യുടെ നിലവിലെ സാമ്പത്തികസ്ഥിതിയിൽ പാട്ട വ്യവസ്ഥയിൽ രാമുകാര്യാട്ട് സ്മാരക തീയേറ്റർ കോംപ്ലക്സ് നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കാൻ സാധിക്കാത്തതിനാൽ, തീയേറ്റർ നിർമ്മാണത്തിനായി പാട്ട വ്യവസ്ഥ ഒഴിവാക്കി പ്രസ്തുത ഭൂമിയുടെ ഉപയോഗാനുമതി സാംസ്കാരികവകുപ്പിന് നൽകണമെന്ന കെ.എസ്.എഫ്.ഡി.സി-യുടെ ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു (എൽ3/118/2023/റവ നമ്പർ ഫയൽ). കൂടാതെ തീയേറ്റർ നിർമ്മാണത്തിനായി തൃശ്ശൂർ ജില്ലയിലെ ചാവക്കാട് താലൂക്കിൽ ഏങ്ങണ്ടിയൂർ വില്ലേജ് സർവ്വേ നമ്പർ 22/1-ൽ ഉൾപ്പെട്ട 102.7 സെന്റ് ഭൂമി സാംസ്കാരിക വകുപ്പിന് ലഭ്യമാക്കുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർ 10.02.2026 തീയതി തൃശ്ശൂർ ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം സമർപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**